(എ) പുതുതായി രൂപീകരിക്കപ്പെട്ടതും നിലവിൽ കൃഷിഭവനുകൾ ഇല്ലാത്തതുമായ പഞ്ചായത്തുകളിൽ കൃഷിഭവനുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ് എന്നു അറിയിക്കാമോ?

ഉത്തരം

(എ, ബി) ഇത് സംബന്ധിച്ച് കൃഷി ഡയറക്ടർ സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

വൈക്കത്തെ മോഡേൺ റൈസ് മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

91 [1100] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമത്തെ മുൻനിർത്തി വൈക്കത്ത് നിർമ്മാണം ആരംഭിച്ച ആധുനിക രീതിയിലുള്ള റൈസ് മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 75 ശതമാനം പിന്നിട്ടതിനുശേഷം കഴിഞ്ഞ 3 വർഷമായി നിർത്തിവച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്നുകോടി രൂപ ചെലവുള്ള ഈ റൈസ്മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ശേഷിക്കുന്ന 25 ശതമാനം പണികൾ എന്ന് പുനരാരംഭിക്കുമെന്നും ഈ പണികൾ എന്ന് പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ മില്ലിന്റെ കാര്യത്തിൽ ഇനി എന്താണ് വേണ്ടതെന്നതു സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

92 [1101] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ എത്ര ജില്ലാ ഓഫീസുകൾ പ്രവർത്തനം അവസാനിപ്പിച്ചു; ഏതെല്ലാം തസ്തികകളിലുള്ള എത്ര ജീവനക്കാരെ പിരിച്ചുവിട്ടു;

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1099-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly